ഉത്തരം

(എ) വ്യാപകമായി പടർന്നു പിടിച്ചിട്ടില്ല. എന്നാൽ 2005-ൽ 2 തദ്ദേശീയ മലമ്പനി കേസുകളും മറ്റ് സ്ഥലങ്ങളിൽനിന്നും വന്നവരിൽ 45 കേസുകളും കണ്ടെത്തിയിട്ടുണ്ട്.

(ബി) മലമ്പനി രോഗം സ്ഥിരീകരിച്ചാൽ സമൂല ചികിത്സയാണ് നൽകിവരുന്നത്. ഈ ചികിത്സ സാധാരണ ആരോഗ്യ പ്രവർത്തകർ രോഗിയുടെ വീട്ടിൽപോയി നൽകുകയാണ് പതിവ്. എന്നാൽ രോഗം മൂർഛിക്കുന്നവരെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാറുണ്ട്. സാധാരണ 'ഫാൾസിപ്പാരം' മൂലമുള്ള മലമ്പനി രോഗമാണ് തലച്ചോറിനെ ബാധിക്കുന്നതും തൻമൂലം മരണകാരണമാകുന്നതും അതിനാൽ ഫാൾസിപ്പാരം മലമ്പനി കാണുന്നവരെ ആശുപത്രിയിൽ കിടത്തി ഡോക്ടറുടെ മേൽനോട്ടത്തിലാണ് ചികിത്സ നൽകുന്നത്. മലമ്പനി രോഗബാധ കൂടുതലായി കാണുന്ന സ്ഥലങ്ങളിൽ അടുത്തുള്ള സർക്കാർ ആശുപത്രിയിൽ വിദഗ്ദ ചികിത്സയ്ക്കായുള്ള എല്ലാ സംവിധാനവും പ്രത്യേക വാർഡും സജ്ജമാക്കാറുണ്ട്.

(സി) 1. രോഗം കണ്ടെത്തിയവരുടെ വീട്ടിലും പരിസര പ്രദേശത്തുമുള്ള എല്ലാവരേയും രക്തപരിശോധനക്ക് വിധേയമാക്കുന്നു.

2. രോഗം ഉണ്ടെന്നു കണ്ടാൽ അവർക്ക് സമൂല ചികിത്സ നൽകുകയും അവരെ മാസത്തിലൊരിക്കൽ എന്ന തോതിൽ ഒരു വർഷം വരെ നിരീക്ഷിക്കാറുമുണ്ട്.

3. രോഗിയുടെ വീട്ടിനുള്ളിലും പരിസരത്തുള്ള വീടുകൾക്കുള്ളിലും കൊതുക് നശീകരണത്തിനായി കീടനാശിനി തളിക്കുക, ജലശേഖരങ്ങളിലെ കൂത്താടി നശിപ്പിക്കുവാൻ കൂത്താടി ഭോജ്യ മത്സ്യങ്ങളെ നിക്ഷേപിക്കുക അല്ലെങ്കിൽ കൂത്താടി നാശിനി തളിക്കുക മുതലായ പ്രതിരോധ നടപടികളും നടത്താറുണ്ട്.

4. രോഗം കാലേക്കൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സമൂഹ രക്തപരിശോധനയും പനിയുള്ളവർക്ക് അനുമാന ചികിത്സയും നൽകി വരുന്നു.

5. ഈ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും നടത്തി വരുന്നു.

വെള്ളാങ്ങല്ലൂർ പ്രൈമറി ഹെൽത്ത് സെന്റർ

157. [925] ശ്രീ. ടി.യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ 24 കിടക്ക സൗകര്യങ്ങളോടുകൂടി പണി പൂർത്തീകരിച്ച പി.എച്ച്.സി.യിൽ കിടത്തി ചികിത്സ അനുവദിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാരിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളാങ്ങല്ലൂർ പി.എച്ച്.സി.യെ ആശുപത്രിയായി ഉയർത്താൻ ഉത്തരവ് പുറപ്പെടുവിക്കുമോ ;

(സി) എങ്കിൽ എന്നേക്ക് ഈ ആശുപത്രി പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി & സി) വെള്ളാങ്ങല്ലൂർ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

മാള നിയോജകമണ്ഡലത്തിലെ പുത്തൻചിറ ആയുർവേദ ഡിസ്പെൻസറി

158. [926] ശ്രീ. ടി.യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ പുത്തൻചിറ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ 'ബഹുദൂരം അതിവേഗം' പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ഈ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തി ഈ വർഷംതന്നെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(സി) ഇതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയത് അടിയന്തിരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി & സി) പുത്തൻചിറ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനുള്ള ഒരു നിർദ്ദേശം ആയുർവേദ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരികയാണ്.

മലപ്പുറം ജില്ലയിലെ വനിതാ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

159. [928] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (927)ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly